കുട്ടികളെക്കൊണ്ടു കഠിനാദ്ധ്വാനം ചെയ്യിക്കുന്ന നടപടി

1661 [2487] ശ്രീമതി ഗൗരിഭവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചു കുട്ടികളെക്കൊണ്ടു ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും, വീടുകളിലും കഠിനമായി പണിചെയ്യിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തുച്ഛമായ വേതനം നൽകി കുട്ടികളെക്കൊണ്ടു കഠിനാദ്ധ്വാനം ചെയ്യിപ്പിക്കുന്ന നടപടിക്കെതിരെ ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണം എന്തെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) അങ്ങനെ പരാതിയുണ്ട്.

(ബി) കുട്ടികളെക്കൊണ്ട് കഠിനാദ്ധ്വാനം ചെയ്യിക്കുന്നത് നിയന്ത്രിക്കുന്നതിന് എംപ്ലോയ്മെന്റ് ഓഫ് ചിൽഡ്രൻ ആക്ട്, 1938 നിലവിലുണ്ട്. തൊഴിൽ വകുപ്പിലെ രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് ലേബർ ഓഫീസർമാരെ ഈ ആക്ട് അനുസരിച്ച് ഇൻസ്പെക്ടർമാരായി നിയമിച്ചിട്ടുണ്ട്. കുട്ടികളെക്കൊണ്ട് കഠിനാദ്ധ്വാനം ചെയ്യിക്കുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടാൽ ഇവർക്ക് നടപടി എടുക്കാവുന്നതാണ്.

(സി) ചോദ്യം ഉദിക്കുന്നില്ല.

ട്രാക്കോ കാഷ്യൂ ഫാക്ടറി തൊഴിലാളികളുടെ ശമ്പളക്കുടിശ്ശിക

1662 [2488] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം—കിളികൊല്ലൂർ എ. പി. കെ. ഇൻഡസ്ട്രീസ് എടുത്തുനടത്തുന്ന ട്രാക്കോ കാഷ്യൂ ഫാക്ടറി തൊഴിലാളികൾക്ക് ഓണത്തിനും അതിനുശേഷം ഇതുവരെയും ശമ്പളം നൽകാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(സി) കുടിശ്ശിക ശമ്പളം അടിയന്തിരമായി എല്ലാ തൊഴിലാളികൾക്കും കിട്ടാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇക്കാര്യത്തിൽ ഒരു പരാതി ഇതുവരെയും ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly